# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

LIGHTED TO LIGHTEN

## പള്ളി കൂദാശ ക്രമം

(ഗായകസംഘം, കുട്ടികൾ, ശെമ്മാശന്മാർ, പട്ടക്കാർ, മേല്പട്ടക്കാർ ക്രമത്തിൽ പള്ളിക്ക് പ്രദിക്ഷണം കഴിഞ്ഞ് പടിഞ്ഞാറെ വാതില്ക്കൽ നിന്ന് ട്രസ്റ്റി ഉടമ്പടി പത്രം വായിച്ചു നൽകുന്നു. വികാരി 24-ാം മസമൂർ ചൊല്ലുന്നു. പടിഞ്ഞാറെ വാതിൽ തുറന്ന് മേല്പട്ടക്കാരും പട്ടക്കാരും, ഗായകസംഘവും, ജനങ്ങളും പള്ളിക്കുള്ളിൽ കയറുന്നു)

## വികാരി 24-ാം മസമൂർ ചൊല്ലുന്നു

1. ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവെക്കുള്ളതാകുന്നു.
2. സമുദ്രങ്ങളുടെ മേൽ അവൻ അതിനെ സ്ഥാപിച്ചു; നദികളുടെമേൽ അവൻ അതിനെ ഉറപ്പിച്ചു.
3. യഹോവയുടെ പർവ്വതത്തിൽ ആർ കയറും? അവന്റെ വിശുദ്ധസ്ഥലത്തു ആർ നിൽക്കും?
4. വെടിപ്പുള്ള കയ്യും നിർമ്മലഹൃദയവും ഉള്ളവൻ വ്യാജത്തിനു മനസ്സുവെക്കാതെയും കള്ളസ്സത്യം ചെയ്യാതെയും ഇരിക്കുന്നവൻ.
5. അവൻ യഹോവയോടു അനുഗ്രഹവും തന്റെ രക്ഷയുടെ ദൈവത്തോടു നീതിയും പ്രാപിക്കും.
6. ഇതാകുന്നു അവനെ അന്വേഷിക്കുന്നവരുടെ തലമുറ; യാക്കോബിന്റെ ദൈവമേ, തിരുമുഖം അന്വേഷിക്കുന്നവർ ഇവർ തന്നേ.
7. വാതിലുകളെ, നിങ്ങളുടെ തലകളെ ഉയർത്തുവിൻ; പണ്ടേയുള്ള കതകുകളേ, ഉയർന്നിരിപ്പിൻ; മഹത്വത്തിന്റെ രാജാവു പ്രവേശിക്കട്ടെ.
8. മഹത്വത്തിന്റെ രാജാവു ആർ? ബലവാനും വീരനുമായ യഹോവ, യുദ്ധവീരനായ യഹോവ തന്നെ.
9. വാതിലുകളേ, നിങ്ങളുടെ തലകളെ ഉയർത്തുവിൻ; പണ്ടേയുള്ള കതകുകളേ, ഉയർന്നിരിപ്പിൻ; മഹത്വത്തിന്റെ രാജാവു പ്രവേശിക്കട്ടെ;
10. മഹത്വത്തിന്റെ രാജാവു ആർ? സൈന്യങ്ങളുടെ യഹോവ തന്നേ; അവനാകുന്നു മഹത്വത്തിന്റെ രാജാവു.

## ലുത്തിനിയാ

(മേല്പട്ടക്കാരനും പട്ടക്കരും പള്ളിയിൽ പ്രവേശിച്ച് ഹൈക്കലായിൽ നിന്ന് ലുത്തിനിയ ചൊല്ലുന്നു)

ജനങ്ങൾ എഴുന്നേറ്റ് നിന്നുകൊണ്ട്

മഹത്വീകരണം

**മേല്പട്ടക്കാരൻ** : പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

**ജനം** : ആദി മുതൽ എന്നന്നേക്കും തന്നെ ആമീൻ

## കൌമ്മാ

### പ്രാരംഭ പ്രാർത്ഥന

കർത്താവേ, ഞങ്ങളുടെ സകല വിചാരങ്ങളും, വചനങ്ങളും, പ്രവർത്തികളും, സൗരഭ്യം നൽകുന്ന സ്തുതിയുടെ യാഗങ്ങളായി നിനക്ക് അർപ്പിപ്പാൻ ഞങ്ങൾ യോഗ്യതയുള്ളവരായിത്തീരേണമെ. പിതാവും, പുത്രനും, പരിശുദ്ധറൂഹായുമായ ദൈവമേ, ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയും കുറ്റമറ്റവയും നിന്റെ ദൈവത്തിനു ദൈവത്തിനു പ്രസാദങ്ങളുമായ സർവ്വാംഗഹോമങ്ങളായി തിരുസന്നിധിയിൽ എല്ലായ്പോഴും ഞങ്ങൾ കാണപ്പെടുകയും ചെയ്യുമാറാകേണമേ. ഹോശാ വബ്കൂൽസ് ബാൻല്ഒൽമീൻ.

### ഗീതം

**കർത്തവേ, നിൻ ബെസ്ഗസ്സായിൽ**

വാതിലിൽ മുട്ടീട്ടനുഗ്രമിരക്കുന്നേൻ

**വഴി തെറ്റീട്ടകലെ പോയോരു പാപി ഞാനയ്യോ –**

അനുതപിച്ചവയെ വിട്ടു ഞാൻ തവ

**കൃപയാൽ ജീവിപ്പാനരുൾക**

ദയവാനെ തവ വാതിൽ വിട്ടിട്ടെവിടെപ്പോയി

**മുട്ടീടുന്നെങ്ങൾ**

മന്നിലെ നൃപതൻ വന്ദിത ബഹുമാനിതനാം മന്നാ–

**നിൻ കൃപ നിന്നെ പ്രാർത്ഥിക്കാഞ്ഞാലെങ്ങൾ – ക്കായ്**

മറ്റാരിരന്നീടും.

### അപേക്ഷ

**(പ്രതിവാക്യം : നീ വാഴ്ത്തപ്പെട്ടവനും സ്തുതിക്കപ്പെട്ടവനുമാകുന്നു)**

1. വാത്സല്യ പുത്രനെ പാപികളായ ഞങ്ങൾക്കു വേണ്ടി ഇഹലോകത്തിലേക്ക് അയപ്പാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചവനായ ദൈവമേ ....
2. ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ പീഢാനുഭവത്താലും ക്രൂശിൽ തറപ്പാലും, സകല വഞ്ചനയിൽ നിന്നും ഞങ്ങളെ രക്ഷിച്ചവനായ മ്ശിഹായേ .........
3. രഹസ്യമായ നിന്റെ ശക്തിയാൽ പാപക്കറയിൽ നിന്ന് ഞങ്ങളെ വീണ്ടെടുക്കുന്ന പരിശുദ്ധാത്മാവാം ദൈവമേ ..............
4. ത്രിത്വമായ ഏക ശക്തിയായ പിതാവും പുത്രനും പരിശുദ്ധ റൂഹാവയുമായ ദൈവമേ ...

(തുടർന്ന് മദ്ബഹായിൽ പ്രവേശിച്ച്)

## കുരിശ് പ്രതിഷ്ഠ

ശ്രേഷ്ഠ പ്രവാചകനായ മോശയാൽ സീനായ് മരുഭുമിയിൽ യിസ്രയേൽ പാളയ മദ്ധ്യേ പിച്ചള സർപ്പത്തെ ഉയർത്തി തന്റെ ക്രൂശീകരണത്തിന്റെ സ്ലീബായെ ദൃഷ്ടാന്തപ്പെടുത്തിയ ഞങ്ങളുടെ ദൈവമായ മ്ശിഹാ തമ്പുരാനേ, വിശുദ്ധ സഭയിലെ മക്കളുടെ കാവലിനും, സംവത്സരം മുഴുവന്റെയും അനുഗ്രഹത്തിനും ഫലമൂലാദികളുടെ വാഴ്‌വിനും സകല ഉപദ്രവങ്ങളിൽ നിന്നും വിനാശത്തിൽ നിന്നുമുള്ള വിടുതലിനും, ക്രോധത്തിന്റെയും കഠിന ശിക്ഷകളുടെയും നീക്കുപോക്കിനും ഞങ്ങളുടെ ആത്മാക്കളുടെ രക്ഷയ്ക്കുമായി ഉയർത്തപ്പെട്ടിരിക്കുന്ന നിന്റെ സ്ലീബായെയും രക്ഷാകരമായ ക്രൂശാരോഹണത്തെയും മഹത്വകരമായ ഉയർത്തെഴുന്നേല്പിനെയും ഓർത്തു കൊണ്ടു ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും വിശുദ്ധ റൂഹായെയും സ്തോത്രം ചെയ്തു മഹത്വപ്പെടുത്തുന്നു. നിന്റെ ശാന്തിയും സമാധാനവും നിന്റെ സ്ലീബാ മുഖാന്തരം ഞങ്ങളിലും നിന്റെ ഇടവകയിലും ഈ ദേശവാസികളിലും ആവസിപ്പിക്കേണമേ. സമൃദ്ധമായ കൃപയിൽ ഞങ്ങളെ നിലനിർത്തണമേ.

മഹത്വകരമായ നിന്റെ പുനരുത്ഥാനത്തിന്റെ സാക്ഷിയാകുവാൻ നിന്നാൽ തെരഞ്ഞെടുക്കപ്പെട്ട ഭാഗ്യവാനായ നിന്റെ അപ്പൊസ്തലൻ വിശുദ്ധ ------- ന്റെ നാമധേയത്തിൽ ഞങ്ങൾ ഈ ദേവാലയം പ്രതിഷ്ഠിക്കുന്നു. നിന്റെ കുരിശു മരണത്തിൽ പങ്കാളികളാകുന്നതിനും നിന്നോടു കുടി ഉയർത്തി നിന്റെ പുതുജീവനിൽ നടപ്പാനും ഞങ്ങളെ യോഗ്യരാക്കണമേ. ഹോശാ വബ്കുൽസ് ബാൻല്ഒൽമീൻ.

**(പടിഞ്ഞാറോട്ട് തിരിഞ്ഞ് ജനങ്ങളെ അഭിമുഖീകരിച്ച് രണ്ടു പ്രാവശ്യവും കിഴക്കോട്ടു തിരിഞ്ഞ് ഒരു പ്രാവശ്യവും ചൊല്ലുന്നു)**

സാരാംശത്തിൽ ഏകമായിരിക്കുന്ന പരിശുദ്ധ ത്രിത്വത്തിന്റെ സ്തുതിക്കും ബഹുമാനത്തിനും പ്രാബല്യത്തിനും പുകഴ്ചയ്ക്കും ദൈവത്തിന്റെ തിരുസഭയുടെ സമാധാനത്തിനും സ്ഥിരതയ്ക്കും കെട്ടുപണിക്കുമായിട്ടു തന്നെ.

ല്-തെശുബുഹത്തൊ-ഉ-ലീക്കൊറെ ഹെദ്റോ റുമറോമോ
ദ്-ത്ളീസോയുസോ കാദീശ്ത്തൊ ഉ-ശവിയസു
ബൂസീയാ വൽ ശൈനൊ ബെനിയോനൊദു
ഈദത്തോ കാദീശ്ത്തൊ ദാലോഹോ

**കുരിശും കത്തിച്ച മെഴുകുതിരികളും ത്രോണോസിൽ പ്രതിഷ്ഠിക്കുന്നു.**

ധൂപം വെച്ചുകൊണ്ട്

വെളിവുനിറഞ്ഞ രക്ഷകനെ – നിൻവെളിച്ചം കൊണ്ട്
ഇരുൾവാസികളാം–ഞങ്ങളിന്നു വെളിച്ചം കാണുന്നു
സ്വർഗ്ഗസ്ഥതപിതാ–വിൻ ക–തിരേ
ശോഭിപ്പിക്ക ഞങ്ങളെ – ഇ–ന്ന്

ശോഭനിറഞ്ഞോ–രാലയത്തിൽ വസിക്കു–ന്ന പരിശുദ്ധാ
നിൻദാസരാം–ഞങ്ങളുടെ – ദുശ്ചിന്ത ദുർമ്മോഹം
ശമനം ചെയ്‌വതിനി–ന്നയ്യോ വിളിക്കുന്നു നിൻ നാമത്തെ

ദൈവമായ കർത്താവേ, ഹൃദയ വെടിപ്പോടും നിർമ്മലമനസ്സോടും കൂടെ ഞങ്ങൾ നിന്റെ വിശുദ്ധ മദ്ബഹായിൽ പ്രവേശിച്ച് നിന്നെ ആരാധിപ്പാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ. ഞങ്ങളിലും ഞങ്ങളുടെ ശുശ്രൂഷകളിലും നീ ദർശിച്ച് സകല മാലിന്യങ്ങളിൽ നിന്നും കറകളിൽ നിന്നും ഞങ്ങളെ കഴുകി വെടിപ്പാക്കേണമേ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ദൈവമേ, നിന്റെ എല്ലാ വിശുദ്ധന്മാരോടും കൂടെ നിങ്കൽ നിന്നുള്ള ഓഹരിയും പങ്കും ലഭിപ്പാൻ ഞങ്ങളെയും അർഹരാക്കി തീർക്കേണമേ. ഹോശാ വബ്കുൽസ് ബാൻല്ഒൽമീൻ.

**ജനം :** ആമേൻ

**84 –ാം മസ്മൂർ**

(വാക്യം പ്രതിവാക്യമായി ചൊല്ലുന്നു)

**പട്ടക്കാരൻ :** സൈന്യങ്ങളുടെ യഹോവേ, തിരുനിവാസം എത്ര മനോഹരം !

**ജനം :** എന്റെ ഉള്ളം യഹോവയുടെ പ്രകാരങ്ങളെ വാഞ്ഛിച്ചു മോഹിച്ചു പോകുന്നു; എന്റെ ഹൃദയവും എന്റെ മാംസവും ജീവനുള്ള ദൈവത്തെ നോക്കി ഘോഷിക്കുന്നു.

**പട്ടക്കാരൻ :** കുരികിൽ ഒരു വീടും, മീവൽപക്ഷി കുഞ്ഞുങ്ങൾക്കു ഒരു കൂടും കണ്ടെത്തിയിരിക്കുന്നു; എന്റെ രാജാവും എന്റെ ദൈവവുമായ സൈന്യങ്ങളുടെ യഹോവേ, നിന്റെ യാഗപീഠങ്ങളെ തന്നേ.

**ജനം :** നിന്റെ ആലയത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ; അവർ നിന്നെ നിത്യം സ്തുതിച്ചുകൊണ്ടിരിക്കും.

**പട്ടക്കാരൻ :** ബലം നിന്നിൽ ഉള്ള മനുഷ്യൻ ഭാഗ്യവാൻ; ഇങ്ങിനെയുള്ളവരുടെ മനസ്സിൽ സീയോനിലേക്കുള്ള പെരുവഴികൾ ഉണ്ട്.

**ജനം :** കണ്ണുനീർ താഴ്‌വരയിൽ കൂടി കടക്കുമ്പോൾ അവർ അതിനെ ജലാശയമാക്കിത്തീർക്കുന്നു. മുന്മഴയാൽ അതു അനുഗ്രഹ പൂർണ്ണമായ്തീരുന്നു.

പട്ടക്കാരൻ : അവർ മേല്ക്കുമേൽ ബലം പ്രാപിക്കുന്നു; എല്ലാവരും സീയോനിൽ ദൈവസന്നിധിയിൽ ചെന്നെത്തുന്നു.

ജനം : സൈന്യങ്ങളുടെ ദൈവമായ യഹോവേ, എന്റെ പ്രാർത്ഥന കേൾക്കേണമേ; യാക്കോബിന്റെ ദൈവമേ, ചെവിക്കൊള്ളേണമേ.

പട്ടക്കാരൻ : ഞങ്ങളുടെ പരിചയായ ദൈവമേ, നോക്കേണമേ; നിന്റെ അഭിഷിക്തന്റെ മുഖത്തെ കടാക്ഷിക്കേണമേ.

ജനം : നിന്റെ പ്രകാരങ്ങളിൽ കഴിക്കുന്ന ഒരു ദിവസം വേറെ ആയിരം ദിവസത്തെക്കാൾ ഉത്തമമല്ലോ; ദുഷ്ടന്മാരുടെ കൂടാരങ്ങളിൽ പാർക്കുന്നതിനെക്കാൾ എന്റെ ദൈവത്തിന്റെ ആലയത്തിൽ വാതിൽ കാവല്ക്കാരനായിരിക്കുന്നതു എനിക്ക് ഏറെ ഇഷ്ടം.

പട്ടക്കാരൻ : യഹോവയായ ദൈവം സൂര്യനും പരിചയും ആകുന്നു; യഹോവ കൃപയും മഹത്വവും നൽകുന്നു. നേരോടെ നടക്കുന്നവർക്കു അവൻ ഒരു നന്മയും മുടക്കുകയില്ല.

ജനം : സൈന്യങ്ങളുടെ യഹോവേ, നിന്നിൽ ആശ്രയിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.

**ലുത്തിനിയാ**

സഭയേ, കർത്താവ് നിന്നിൽ ഇഷ്ടപ്പെട്ട് നിന്റെ പ്രതിഷ്ഠയെ പൂർത്തികരിക്കയും, തന്റെ ശ്രേഷ്ഠതയെ സ്തുതിപ്പാൻ നിന്റെ മക്കളെ വിശുദ്ധിയിൽ അലങ്കരിക്കയും ചെയ്തു കൊണ്ട് നീ ഭാഗ്യവതിയാകുന്നു.

ജനം : ദൈവമേ, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ.

സഭയെ, നിന്റെ ബഹുമാനത്തെ വർദ്ധിപ്പിക്കയും തെറ്റായ മാർഗ്ഗത്തിൽ നിന്ന് നീ രക്ഷിക്കപ്പെടുവനായി തന്റെ സ്ലീബായാൽ നിന്റെ അടിസ്ഥാനം ഇടുകയും ചെയ്ത പുത്രനായ ദൈവത്തിന് നീ എഴുന്നേറ്റ് സ്തുതി പാടുക.

ജനം : ദൈവമേ, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ.

സഭയേ, നീ എഴുന്നേറ്റു ശോഭിക്ക. എന്തുകൊണ്ടെന്നാൽ നിന്റെ പ്രകാശം സമീപിച്ചിരിക്കുന്നു. കർത്താവു നിന്റെ കോണുകളെ പ്രകാശിപ്പിച്ച് നിന്റെ ശുശ്രൂഷയ്ക്കായി വിശുദ്ധ മേല്പട്ടക്കാരെ നിയമിച്ചിരിക്കുന്നു.

ജനം : ദൈവമേ, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ.

സഭയേ, ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ രക്തം കൊണ്ട് നിന്നെ വിലയ്ക്ക് വാങ്ങിയിരിക്കുന്നതിനാൽ, ശ്ലീഹന്മാരിൽ പ്രാധാനിയായ ശെമയോനും, യക്കോബും, മത്തായിയും അവരുടെ സഖാക്കളും നിന്റെ നിമിത്തം കഷ്ടത സഹിച്ചു.

ജനം : ദൈവമേ, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ.

സ്വർഗ്ഗീയ മണവാളന്റെ മണവാട്ടിയായ വിശുദ്ധ സഭയേ, നീ ഭാഗ്യവതിയാകുന്നു. ഇതാ നിന്റെ പ്രതിഷ്ഠയിങ്കൽ സ്വർഗ്ഗവും ഭൂമിയും അവയിലുള്ള സകലവും സന്തോഷിക്കുന്നു.

**ജനം** : ദൈവമേ, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ.

സഭയേ, രാജാക്കന്മാർ തങ്ങളുടെ കിരീടങ്ങളോടും ജാതികൾ സ്തുതി ഗാനങ്ങളോടും അതിൽ പ്രവേശിക്കേണ്ടതിന് നിന്റെ വാതിലുകൾ തുറക്ക. രാപ്പകൽ അത് അടയ്ക്കപ്പെടാതിരിക്കട്ടെ.

**ജനം** : ദൈവമേ, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ.

നൽവരങ്ങൾ ധാരാളമുള്ളവനും, നല്ലവയും അവർണ്ണനീയവുമായ ദാനങ്ങളിൽ ഐശ്വര്യവാനുമായിരിക്കുന്ന സമുദ്രമായ കർത്താവേ, നിന്റെ വിശുദ്ധ സഭയെ സകല പൂർണ്ണതയും, നിന്റെ പരിശുദ്ധറൂഹായുടെ നൽവരങ്ങളും, ഐശ്വര്യമുള്ള ദാനങ്ങളും കൊണ്ട്, നീ അലങ്കരിച്ച് ശോഭിപ്പിക്കേണമേ. പാപത്തിന്റെ മലിനത കൂടാതെ നിനക്കും, നിന്റെ പിതാവിനും, നിന്റെ പരിശുദ്ധ റൂഹായ്ക്കും ഇളവു കൂടാതെയുള്ള സ്തുതി ഞങ്ങൾ കരേറ്റുമാറാകേണമേ. ഹോശാ വബ്കുൽസ് ബാൻല്ഒൽമീൻ.

**ജനം** : ആമേൻ

**എനിയോനാ**

അരിഷ്ടനായ ഫറവോനെയും അവന്റെ സകല സൈന്യങ്ങളേയും സമുദ്രത്തിന്റെ ഉള്ളിൽ തള്ളിയിട്ട ദൈവത്തിന് നാം ജയത്തിന്റെ സ്തുതി പാടണം.

**ജനം** : എന്തെന്നാൽ അവൻ മഹത്വമുള്ളവനാകുന്നു.

പരിശുദ്ധ സഭയെ തന്റെ ഉള്ളങ്കൈയ്യിൽ ഉറപ്പിച്ച മ്ശിഹായെ സ്തുതിപ്പാൻ ഞങ്ങളുടെ ഹൃദയങ്ങളെ പണി ചെയ്ത് ഉറപ്പിക്കേണമേ.

**ജനം** : എന്തെന്നാൽ അവൻ മഹത്വമുള്ളവനാകുന്നു.

മോശ മുഖാന്തരം ഇസ്രായേലിന് മസ്ക്കൻ ശബനായെ (സമാഗമനകൂടാരം) അലങ്കരിക്കയും പരിശുദ്ധ ശ്ലീഹന്മാർ മുഖാന്തരം വിശുദ്ധ സഭയെ പണിത് ഉറപ്പിക്കയും ചെയ്ത മ്ശിഹായ്ക്ക് നാം സ്തുതിപാടണം.

**ജനം** : എന്തെന്നാൽ അവൻ മഹത്വമുള്ളവനാകുന്നു.

തന്റെ ഇഷ്ടത്താൽ ശ്ലേമോൻ മുഖാന്തരം ഊർശ്ലേമിൽ വിശുദ്ധ സഭയുടെ ദൃഷ്ടാന്തമായ ഭവനം സ്ഥാപിച്ച മ്ശിഹായ്ക്ക് നാം സ്തുതി പാടണം.

**ജനം** : എന്തെന്നാൽ അവൻ മഹത്വമുള്ളവനാകുന്നു.

ജീവനുള്ള തന്റെ രക്തത്താൽ സമ്പാദിച്ച സഭയെ വിശുദ്ധ അഭിഷേകത്താൽ ശ്രേഷ്ഠതപ്പെടുത്തുകയും, തന്റെ ശ്രേഷ്ഠതയുടെ മഹത്വ കിരീടം കൊണ്ട് അതിനെ അലങ്കരിക്കയും ചെയ്ത മ്ശിഹായ്ക്ക് നാം സ്തുതി പാടണം.

**ജനം** : എന്തെന്നാൽ അവൻ മഹത്വമുള്ളവനാകുന്നു.

### പ്രാർത്ഥന

സ്വർഗ്ഗീയ പിതാവായുള്ളോവേ, നിന്റെ ഏക ജാതനായ പുത്രൻ മുഖാന്തരം ലോകത്തിന് നീ നൽകിയ ആ നിന്റെ സമാധാനം എല്ലാ വാസസ്ഥലങ്ങളിലും ഭൂമിയുടെ എല്ലാ അറുതികളിലും വാഴുകയും നിലനില്കയും ചെയ്യുമാറാകേണമേ. സഭകളിലും ദയറാകളിലും അത് വർദ്ധിച്ച് വിസ്തീർണ്ണമായി വരേണമേ. അനുസരണമില്ലാത്ത എല്ലാ ഉന്നതത്തെയും ഇടിച്ചു കളഞ്ഞ് അതിന്റെ കാൽക്കീഴെ താഴ്ത്തുമാറാകേണമേ. എന്തുകൊണ്ടെന്നാൽ നിന്റെ ഏക പുത്രനോടും വിശുദ്ധറൂഹായോടും കൂടെ നിന്റെ തിരുനാമം പരിശുദ്ധമുള്ളതുമാകുന്നു. ഹോശാ വബ്കുൽസ് ബാൻല്ഒൽമീൻ.

**ജനം** : ആമേൻ

### പ്രാർത്ഥന

**എപ്പിസ്കോപ്പാ:** ദൈവമായ കർത്താവേ, നിന്റെ വിശുദ്ധ സഭയിൽ നിന്ന് നാശവും, അരിഷ്ടതയും നിറഞ്ഞിരിക്കുന്ന എല്ലാത്തര വേദ വിപരീതത്തെയും, ജാതിക്കൾക്കടുത്തതും ദൈവികമല്ലാത്തതും ആയ എല്ലാ കലഹത്തെയും, ഭിന്നതയെയും നീ തള്ളിക്കളയേണമേ. നിരപ്പും സമാധാനവും സരാംശത്തിൽ സമത്വമുള്ള ത്രിത്വത്തെ ക്കുറിച്ചുള്ള അറിവും കൊണ്ട് അതിനെ അലങ്കരിക്കയും ചെയ്യേണമേ, ഹോശാ വബ്കൂൽസ് ബാൻല്ഒൽമീൻ.

**ജനം** : ആമേൻ

**ശുശ്രൂഷകൻ** : സ്തൌമെൻകാലോസ്

**ജനം** : കുറിയേലായിസ്സോൻ

### പ്രോമ്യോൻ

### ധൂപം

**എപ്പിസ്കോപ്പാ:** നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിൽ നിന്ന് അനുഗ്രഹങ്ങളും കരുണയും അപേക്ഷിക്കണം.

**ജനം** : അനുഗ്രഹിക്കുന്നവനായ കർത്താവേ-ഞങ്ങളെ അനുഗ്രഹിച്ച് ഞങ്ങളെ സഹായിക്കണമേ.

**എപ്പിസ്കോപ്പാ:** സ്തുതിയും സ്തോത്രവും, തേജസ്സും പുകഴ്ചയും മാഞ്ഞു പോകാത്ത നല്ല മഹിമയും നേരമൊക്കയിലും നിരന്തരം കരേറ്റുവാൻ ഞങ്ങൾ യോഗ്യതയുള്ളവരായി തീരേണമേ.

രാജാക്കന്മാരുടെയും, സകല ലോകങ്ങളുടേയും രാജാവും, താൻ മാത്രം നാശമില്ലാത്തവനും, അദൃശ്യനും, സ്വർഗ്ഗത്തിലെയും, ഭൂമി

യിലെയും സകല പിതൃത്വവും, തന്നിൽ നിന്ന് നാമധേയപ്പെടുന്ന പിതാവായ സർവ്വശക്തനാം ദൈവവും, താൻ മുഖാന്തരം തന്നോടുള്ള അടുപ്പം നമുക്കു സമ്പാദ്യമാക്കി തന്നവനും, ഏകമായി ഗ്രഹിക്കപ്പെടുകയും, ത്രിത്വമായി അറിയപ്പെട്ട് വിശ്വസിക്കപ്പെടുകയും, വന്ദിക്കപ്പെട്ട്, സ്തുതിക്കപ്പെട്ട് പ്രബലീകരിക്കപ്പെടുകയും ചെയ്യുന്ന പിതാവിനും, പുത്രനും, പരിശുദ്ധറൂഹായ്ക്കും സ്തുതി. പള്ളി കൂദാശയുടെ ശുശ്രൂഷ പൂർണ്ണമാക്കപ്പെടുന്ന ഈ നേരത്തിലും, നമ്മുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും സ്തോത്രവും തനിക്ക് യോഗ്യമായിരിക്കുന്നു. ഹോശാ വബ്കുൽസ് ബാൻല്ഒൽമീൻ.

ജനം : ആമേൻ

സെദറാ

**എപ്പിസ്കോപ്പാ:** മഹത്തായ ദാനങ്ങളെ നൽകുന്നവനും, ദിവ്യ നൽവരങ്ങളെ വിഭാഗിച്ച് കൊടുക്കുന്നവനും, വരങ്ങളും നൽവരങ്ങളും ചിന്തി കൊടുത്തുകൊണ്ടിരിക്കുന്നവനുമായ ദൈവമേ, നിന്റെ നിത്യകരുണകളാൽ നിനക്കുള്ള ഭാഗ്യസ്ഥിതിയിൽ തനിച്ച് സന്തോഷിക്കാതെ, മറ്റുള്ളവരുടെ മേലും അതിനെ ചിന്തി ഒഴുക്കി കൊടുപ്പാൻ നിനക്ക് ഇഷ്ടം തോന്നി. നിന്റെ ദിവ്യാലോചനയുടെ സന്തോഷത്തിൽ നിന്നോടു കൂടെ അംശികളാകുവാൻ സ്വർഗ്ഗീയ സേനകളുടെ കുട്ടത്തെ നീ സൃഷ്ടിച്ചു. മനുഷ്യനെ നീ സൃഷ്ടിച്ചപ്പോൾ നിന്റെ സ്വരൂപത്തിൽ അവനെ നീ ഉണ്ടാക്കി. അറിവും വിവേകവും ഉള്ള ആത്മാവോടും വിശേഷ അലങ്കാരങ്ങളോടും കൂടെ, പ്രസിദ്ധപ്പെട്ട സേനകളുടെ ചാർച്ചക്കാരനായി അവനെ നീ ക്രമപ്പെടുത്തി. നിന്റെ ദയയാൽ നന്മകളുടെ സന്തോഷം അവന്റെ മേലും ഒഴുകുവാൻ അവനെ നീ യോഗ്യമാക്കി. ഭൂമിക്കടുത്തവരായ ഞങ്ങളെ സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യ ജാതന്മാരെപ്പോലെ റൂഹായിക്കടുത്ത ശുശ്രൂഷയിൽ ക്രമപ്പെടുത്തി. അവർ മുഖാന്തരം സകല ജനവും നിന്റെ ഭവനാവകാശത്തിന് ചേർന്നു വരുവാൻ സഭാ സംബന്ധമായ മറ്റുള്ള വേലക്കാരോടു കൂടെ, മേല്പട്ടക്കാരെയും, പട്ടക്കാരെയും, ശെമ്മാശന്മാരെയും നീ നിയമിച്ചു.

കർത്താവേ, ബലഹീനരും പാപികളുമായ ഞങ്ങൾ ഈ ശുശ്രൂഷയ്ക്ക് അയോഗ്യരും, മതിയാകാത്തവരും ആയിരിക്കെ, ഇതിനു ഞങ്ങളെ തെരഞ്ഞെടുത്ത് അടുത്തു വരുമാറാക്കിയതാൽ നിന്റെ കരുണയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ഞങ്ങളുടെ ജീവിതത്തിന്റെ വെടിപ്പില്ലായ്മയിലും, അമാർഗ്ഗങ്ങളിലും, വികാരങ്ങളിലും നീ സൂക്ഷിച്ച് നോക്കരുതെ. ഞങ്ങളെയും, ഉന്നതമായുള്ള ഈ ശുശ്രൂഷയെയും നിന്റെ ദിവ്യ കൃപയുടെ ആവാസത്തിൽ നിന്ന് മുടക്കരുതെ. ഞങ്ങളുടെ മേൽ വിളിക്കപ്പെട്ടിരിക്കുന്ന നിന്റെ പരിശുദ്ധ നാമം നിമിത്തം, ഞങ്ങളോടും, നിന്റെ ഇടവക മുഴുവനോടും കൃപ തോന്നേണമെ. പട്ടത്വസംബന്ധമായ ഈ ശുശ്രൂഷയുടെ തികവായ പൂർണ്ണതയ്ക്ക് നിന്റെ പരിശുദ്ധറൂഹായുടെ ധാരാളമായ നൽവരങ്ങൾ ഞങ്ങൾക്ക് അയച്ചു തരേണമേ. ഈ ശുശ്രൂഷ മ്ശിഹായുടെ ഭയങ്കര സിംഹാസനത്തിൻ മുമ്പാകെയുള്ള ന്യായവിധിക്കും, ശിക്ഷാവിധിക്കും, ലജ്ജയ്ക്കും, ഞങ്ങൾക്കായി തീരരുതെ. ഞങ്ങളുടെ പാപങ്ങളുടെ മോചനത്തിനും, ഞങ്ങളുടെ ആത്മ ശരീരങ്ങളുടെ വിശുദ്ധിക്കും, വെടിപ്പിനും, നിർമ്മലതയ്ക്കും, ഈ ശുശ്രൂഷയിലേക്കുള്ള ദിവ്യ വിളിയാൽ നിന്റെ ഇഷ്ടം പോലെ തികവായി പൂർണ്ണത പ്രാപിച്ചവർക്ക് സംഗ്രഹിക്കപ്പെട്ടിരിക്കുന്ന ആശാബന്ധത്തിനും പരിശുദ്ധവും ബഹുമാനവുമുള്ള നിന്റെ തിരുനാമമഹത്വത്തിനും, പൊതുവിലുള്ളതും ശ്ലീഹായ്ക്കടുത്തതുമായ സഭയുടെ സ്ഥിരതയ്ക്കും വർദ്ധനവിനും, പ്രബലതയ്ക്കും മഹിമയ്ക്കുമായി തീരേണമേ. നിന്റെ ഏകപുത്രനോടും ജീവനും വിശുദ്ധിയുമുള്ള റൂഹായോടും കൂടെ സകല വന്ദനവും കൃതജ്ഞതയും നിനക്ക് യോഗ്യമായരിക്കുന്നു. ഹോശാ വബ്കുൽസ് ബാൻല്ഒൽമീൻ.

ജനം : ആമേൻ

ദൈവം ശ്ലീഹന്മാർക്ക് കൊടുത്തതുപോലെയുള്ള അധികാരം രാജാക്കന്മാർക്കും, ന്യായാധിപന്മാർക്കും, അധികാരികൾക്കും കൊടുത്തില്ല. താൻ പാപമോചനവും ഉന്നതത്തിന്റെയും ആഴത്തിന്റെയും അധികാരവും അവർ മുഖാന്തരം കൊടുത്തു. ഇവർ ഭൂമിയിൽ കെട്ടുന്നു. കർത്താവ് അവരെ ചെവിക്കൊള്ളുന്നു. നാനാഭാഗങ്ങളിലും അവരുടെ അധികാരത്തെ വലിപ്പമാക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

സത്യമുള്ള ഇടയന്മാരേ, നിങ്ങളുടെ ആട്ടിൻ കൂട്ടത്തിന് നേരെ നില്പിൻ. പ്രധാന ഇടയൻ വന്ന് നിങ്ങളോട് അതിനെ ചോദിക്കുന്നു. മുറിവുള്ളതിനെ കുത്തികെട്ടുവിൻ. രോഗികളായിരിക്കുന്നവരെ സുഖപ്പെടുത്തുവിൻ. കാണാതെ പോയവയെ അന്വേഷിച്ച് പുറപ്പെടുവിൻ. ദുഷ്ടൻ അതിനാൽ കുറ്റം വിധിക്കപ്പെട്ടുന്ന ജീവനുള്ള സ്ലീബായെ ആയുധമായി എടുത്ത് നിങ്ങളുടെ കൈകളിൽ ഭരമേല്പിച്ചിരിക്കുന്ന മ്ശിഹായുടെ ആടുകളെ രക്ഷിപ്പിൻ.

## ഏത്രാ (ധൂപം)

**എപ്പിസ്കോപ്പാ:** കാരുണ്യവാനും കൃപ നിറഞ്ഞവനുമായ ദൈവമേ, പള്ളി കൂദാശയുടെ ഈ ദിവസം തിരു സന്നിധിയിൽ ഞങ്ങൾ അർപ്പിച്ചിരിക്കുന്ന പ്രാർത്ഥനകളും യാചനകളും സൌരഭ്യവാസനയായി സ്വീകരിക്കേണമേ. അത് തിരുസഭയുടെ സമാധാനത്തിനും, ഐക്യത്തിനും, അതിന്റെ സന്താനങ്ങളുടെ നല്ല കാവലിനും, പരിപാലനത്തിനും, വളർച്ചക്കും ജാതികളുടെ മനസ്സുതിരിവിനും, ആശ്വാസത്തിനും, സന്തോഷത്തിനും എല്ലാത്തര വേദവിപരീതങ്ങളെ നീക്കുന്നതിനും, സൽക്രിയകളാകുന്ന ഫലങ്ങളെ പുറപ്പെടുവിക്കുന്നതിനുമായി ഭവിക്കുമാറാകേണമേ. ഞങ്ങൾ നിനക്ക് സ്തുതിയും സ്തോത്രവും കരേറ്റുവാൻ യോഗ്യതയുള്ളവരായി തീരുകയും ചെയ്യേണമേ. ഹോശാ വബ്കുൽസ് ബാൻല്ഒൽമീൻ.

**ജനം** : ആമേൻ

## പാഠം വായന

യെശയ്യാവ് 54: 1–5, 1. രാജാക്കന്മാർ 8: 22–30, 1. യോഹന്നാൻ 2: 20–29, എബ്രായർ 8

(മുടിവയ്ക്കണം, ധൂപം, അംശവടി)

## ഏവൻഗേലിയോൻ – മത്തായി 16: 13–20

യേശു ഫിലിപ്പിന്റെ കൈസര്യയുടെ പ്രദേശത്തു എത്തിയശേഷം തന്റെ ശിഷ്യന്മാരോടു; ജനങ്ങൾ മനുഷ്യപുത്രനെ ആർ എന്നു പറയുന്നു എന്നു ചോദിച്ചു. ചിലർ യോഹന്നാൻ സ്നാപകൻ എന്നും മറ്റു ചിലർ ഏലിയാവെന്നും വേറെ ചിലർ യിരെമ്യാവോ പ്രവാചകന്മാരിൽ ഒരുത്തനോ എന്നും പറയുന്നു എന്നു അവർ പറഞ്ഞു. നിങ്ങളോ എന്നെ ആർ എന്നു പറയുന്നു എന്നു അവൻ ചോദിച്ചതിന്നു ശിമോൻ പത്രൊസ്: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നു ഉത്തരം പറഞ്ഞു. യേശു അവനോടു: ബർയോനാശിമോനേ നീ ഭാഗ്യവാൻ; ജഡരക്തങ്ങൾ അല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ നിനക്കു ഇതു വെളിപ്പെടുത്തിയതു. നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോടു പറയുന്നു. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു; നീ ഭൂമിയിൽ കെട്ടുന്നതു ഒക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും എന്നു ഉത്തരം പറഞ്ഞു.

## നിഖ്യാ വിശ്വാസപ്രമാണം

**പിതാവായ, സർവ്വശക്തനായ .................**
ആകാശത്തിന്റെയും ഭൂമിയുടെയും - കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ - സകലത്തിന്റെയും സ്രഷ്ടാവുമായ - സത്യൈക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

**ദൈവത്തിന്റെ ഏകപുത്രനും .................**
സർവ്വലോകങ്ങൾക്കും മുൻപെ പിതാവിൽനിന്നു ജനിച്ചവനും - പ്രകാശത്തിൽ നിന്നുള്ള പ്രകാശവും - സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും - ജനിച്ചവനും സൃഷ്ടിയല്ലാത്തവനും - തത്വത്തിൽ പിതാവിനോട് ഏകത്വമുള്ളവനും - സകലസൃഷ്ടിക്കും മുഖാന്തര മായവനും - മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കുംവേണ്ടി - സ്വർഗ്ഗത്തിൽനിന്നും ഇറങ്ങി - വിശുദ്ധറൂഹായാൽ കന്യകമറിയാമിൽനിന്നും ജഡം ധരിച്ച് മനുഷ്യനായി - പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ - ഞങ്ങൾക്ക് വേണ്ടി ക്രൂശിക്കപ്പെട്ട് - കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട്, തിരുഹിതപ്രകാരം മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് - സ്വർഗ്ഗത്തലേക്കു കരേറി - തന്റെ പിതാവിന്റെ വലത്തു ഭാഗത്തിരിക്കുന്നവനും - അവസാ നമില്ലാത്ത രാജത്വമുള്ളവനും - ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിപ്പാൻ - തന്റെ മഹാപ്രഭാവത്തോടെ ഇനിയും വരുവാനിരിക്കുന്നവനുമായ - യേശുമ്ശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

**സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും ...............**
പിതാവിൽനിന്നു പുറപ്പെട്ട് - പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ട് - സ്തുതിക്ക പ്പെടുന്നവനും - നിബ്യന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായ - ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും - കാതോലികവും അപ്പൊസ്തലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

**പാപമോചനത്തിനുള്ള മാമ്മോദീസാ ......................**
ഒന്നു മാത്രമെന്നു ഞങ്ങൾ ഏറ്റുപറഞ്ഞ് - മരിച്ചവരുടെ ഉയിർത്തെഴുന്നേല്പിനും - വരുവാനി രിക്കുന്ന ലോകത്തിലെ പുതിയ ജീവനും - ഞങ്ങൾ നോക്കിപ്പാർക്കുയും ചെയ്യുന്നു - ആമേൻ

**ശുശ്രു.:** ബാറെക്മാർ സ്തൌമൻകാലോ-സ്

**ജനം** കുറിയേലാ - യിസ്സോൻ.

**സ്തോത്രകാഴ്ച**

## രണ്ടാം ഭാഗം

പ്രാരംഭ പ്രാർത്ഥന

(മെത്രാപ്പോലീത്താ)

ഈ ശുശ്രൂഷയുടെ പങ്കിനും, ഓഹരിക്കുമായി ഞങ്ങളെ നിയമിച്ചവനും മനുഷ്യരുടെ ബോധങ്ങൾക്ക് ജ്ഞാനം നൽകുന്നവനും, ഞങ്ങളുടെ ഹൃദയങ്ങളെയും, ബുദ്ധിയുടെ ഇന്ദ്രിയങ്ങളെയും, പരിശോധിക്കുന്നവനുമായി സൈന്യങ്ങളുടെ ദൈവമായ കർത്താവേ, നിന്റെ കരുണകളുടെ ബഹുത്വത്താൽ ശരീരത്തിന്റെയും, ആത്മാവിന്റെയും, സകല മാലിന്യത്തിൽ നിന്നും ഞങ്ങളെ വെടിപ്പാക്കേണമേ. മേഘം പോലെ ഞങ്ങളുടെ പാപങ്ങളെയും മഞ്ഞുപോലെ ഞങ്ങളുടെ അന്യായങ്ങളെയും നീക്കിക്കളയേണമേ. നിന്റെ ശക്തിയിൽ നിന്നും നിന്റെ ഏകപുത്രന്റെ കൃപയിൽ നിന്നും സകലത്തിലും പരിശുദ്ധനായ നിന്റെ റൂഹായുടെ വ്യാപാരത്താൽ നിന്നും ഞങ്ങളെ നിറയ്ക്കേണമേ. നിന്റെ പുതിയ നിയമത്തിന്റെ ശുശ്രൂഷകന്മാരായിരിപ്പാൻ ഞങ്ങളെ കൊള്ളാവുന്നവരാക്കേണമേ. നിന്റെ പരിശുദ്ധ നാമത്തിന് യോഗ്യമാകുന്നതുപോലെ, നിന്റെ സന്നിധിയിൽ നിന്നു സേവിപ്പാനും, നിന്റെ ദിവ്യരഹസ്യങ്ങളെ ശുശ്രൂഷിപ്പാനും തക്കവണ്ണം ഞങ്ങൾ കൃപ കണ്ടെത്തുമാറാകേണമേ. കർത്താവേ, നീ ദയാലുവും, നിന്നെ വിളിക്കുന്നവരും നിന്നിൽ ആശ്രയിക്കുന്നവരുമായ എല്ലാവരോടും കരുണാ സമ്പൂർണ്ണനുമാകയാൽ നിനക്കും നിന്റെ പുത്രനും നിന്റെ പരിശുദ്ധറൂഹായിക്കും സ്തുതിയും ബഹുമാനവും ആധിപത്യവും ചേർച്ചയുള്ളവയാകുന്നു. ഹോശാ വബ്കുൽസ് ബാൻല്ഒൽമീൻ.

ജനം : ആമേൻ

### മസ്മൂർ 23

1. യഹോവ എന്റെ ഇടയനാകുന്നു; എനിക്കു മുട്ടുണ്ടാകയില്ല.
2. പച്ചയായ പുൽപുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു; സ്വസ്ഥതയുള്ള വെള്ളത്തിന്നരികത്തേക്കു എന്നെ നടത്തുന്നു.
3. എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു; തിരുനാമം നിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു.
4. കൂരിരുൾതാഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ; നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു.
5. എന്റെ ശത്രുകൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു; എന്റെ തലയെ എണ്ണകൊണ്ടു അഭിഷേകം ചെയ്യുന്നു; എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു.
6. നന്മയും കരുണയും എന്റെ ആയുഷ്കാലമൊക്കെയും എന്നെ പിന്തുടരും; ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും.

എപ്പിസ്കോപ്പാ : പിതാവായ ദൈവത്തിന്റെ ശക്തിയും ജ്ഞാനവുമാകുന്ന മ്ശിഹാ തമ്പുരാൻ തന്റെ സഖാക്കളെക്കാൾ അധികം ആനന്ദതൈലം കൊണ്ട് അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നു. താൻ മനുഷ്യത്വം എടുത്തു അത് നമുക്ക് അഭിഷേകമായി തീർന്നു. തന്റെ ഏറിയ കാരുണ്യങ്ങളാൽ ഈ ഭവനത്തെ അതുപോലെയുള്ള ഭവനങ്ങളാക്കുന്നു. രാജാവായ ശലോമോൻ ഉണ്ടാക്കിയിരുന്നതിനേക്കാൾ അത് വിശേഷതയുള്ളതാകുന്നു. ഇസ്രായേൽ ജനങ്ങളുടെ ബാബേലിലുള്ള അടിമയുടെയും, കരേറ്റത്തിന്റെയും ശേഷമുള്ളതിനെക്കാൾ അത് മെച്ചമേറിയതുമാകുന്നു. എന്തെന്നാൽ ഊമ ജന്തുക്കളുടെ ബലികളാൽ അവ പൂർണ്ണമാക്കപ്പെട്ടിരിക്കുന്നു. എന്നാലോ ഇപ്പോഴുള്ള ഈ ഭവനം മഹനീയവും അത്ഭുതകരങ്ങളുമായ രഹസ്യങ്ങളാൽ ശുദ്ധീകരിക്കപ്പെടുകയും നമ്മുടെ രക്ഷയ്ക്കു വേണ്ടി അത് പൂർണ്ണമാക്കപ്പെടുകയും ചെയ്യുന്നു. ഇതു നിമിത്തം അതു പോലെയുള്ള ഭവനങ്ങളുടെ തേജസ്സിനേക്കാൾ അധികം അതിന്റെ യജമാനനെപ്പോലെ, അഭിഷേകത്താൽ ശുദ്ധിയുള്ളതുമാകുന്നു. വിശുദ്ധ സഭയാകുന്ന ഈ ഭവനത്തെ ദൈവമായ മ്ശിഹാ പൂർത്തിയാക്കുകയും, തന്റെ ശരീരനുറക്കത്താലും പിതാവിന്റെ അടുക്കൽ നിന്ന് അയക്കപ്പെട്ട പാരക്ലീത്തായാകുന്ന ആത്മാവിന്റെ ഇറക്കത്താലും, അതിനെ പ്രതിഷ്ഠിക്കയും ചെയ്യുന്നു. സകലത്തിന്റെയും ഉടയവനേ ഇമ്പമുള്ള ധൂപവുമാകുന്ന പ്രാർത്ഥനകൾ നിനക്കു ഞങ്ങൾ കരേറ്റുമാറാകേണമേ. നിന്നോടുള്ള സ്നേഹത്താൽ ഞങ്ങൾ ഉജ്ജ്വലിപ്പിക്കപ്പെട്ടിട്ട് നിന്റെ സ്വർഗ്ഗീയ രാജ്യത്ത് സന്തോഷിക്കുമാറാകേണമേ. ഹോശാ വബ്കുൽസ് ബാൻല്ഒൽമീൻ.

ജനം : ആമേൻ

### മസ്മൂർ – 132

1. യഹോവേ, ദാവീദിനെയും അവന്റെ സകലകഷ്ടതയെയും ഓർക്കേണമേ.
2. അവൻ യഹോവയോടു സത്യം ചെയ്തു യാക്കോബിന്റെ വല്ലഭന്നു നേർന്നതു എന്തെന്നാൽ:
3. ഞാൻ യഹോവെക്കു ഒരു സ്ഥലം, യക്കോബിന്റെ വല്ലഭന്നു ഒരു നിവാസം കണ്ടെത്തും വരെ
4. ഞാൻ എന്റെ കൂടാരവീട്ടിൽ കടക്കയില്ല; എന്റെ ശയ്യമേൽ കയറി കിടക്കുകയുമില്ല.
5. ഞാൻ എന്റെ കണ്ണിന്നു ഉറക്കവും എന്റെ കൺപോളെക്കു മയക്കവും കൊടുക്കയില്ല.

6. നാം എഫ്രാത്തയിൽ അതിനെക്കുറിച്ച് കേട്ടു വനപ്രദേശത്തു അതിനെ കണ്ടെത്തിയല്ലോ.

7. നാം അവന്റെ തിരുനിവാസത്തിലേക്കുചെന്നു അവന്റെ പാദപീഠത്തിങ്കൽ നമസ്കരിക്കുക.

8. യഹോവേ, നീ നിന്റെ ബലത്തിന്റെ പെട്ടകവുമായി നിന്റെ വിശ്രാമത്തിലേക്കു എഴുന്നെള്ളേണമേ.

9. നിന്റെ പുരോഹിതന്മാർ നീതി ധരിക്കയും നിന്റെ ഭക്തന്മാർ ഘോഷിച്ചുല്ലസിക്കയും ചെയ്യട്ടെ.

10. നിന്റെ ദാസനായ ദാവീദിൻ നിമിത്തം നിന്റെ അഭിഷിക്തന്റെ മുഖത്തെ തിരിച്ചു കളയരുതേ.

11. ഞാൻ നിന്റെ ഉദരഫലത്തെ നിന്റെ സിംഹാസനത്തിൽ ഇരുത്തുമെന്നും നിന്റെ മക്കൾ എന്റെ നിയമത്തെയും ഞാൻ അവർക്കു ഉപദേശിച്ച സാക്ഷ്യത്തെയും പ്രമാണിക്കുമെങ്കിൽ അവരുടെ മക്കളും എന്നേക്കും നിന്റെ സിംഹാസനത്തിൽ ഇരിക്കും എന്നും യഹോവ ദാവീദിനോടു ആണയിട്ടു സത്യം; അവൻ അതിൽ നിന്നു മാറുകയില്ല.

12. യഹോവ സീയോനെ തിരഞ്ഞെടുക്കുകയും അതിനെ തന്റെ വാസസ്ഥലമായി ഇച്ഛിക്കയും ചെയ്തു.

13. അതു എന്നേക്കു എന്റെ വിശ്രാമം ആകുന്നു; ഞാൻ അതിനെ ഇച്ഛിച്ചിരിക്കയാൽ ഞാൻ അവിടെ വസിക്കും.

14. അതിലെ ആഹാരം ഞാൻ സമൃദ്ധിയായി അനുഗ്രഹിക്കും; അതിലെ ദരിദ്രന്മാർക്കു അപ്പം കൊണ്ടു തൃപ്തി വരുത്തും.

15. അതിലെ പുരോഹിതന്മാരെയും രക്ഷ ധരിപ്പിക്കും; അതിലെ ഭക്തന്മാർ ഘോഷിച്ചുല്ലസിക്കും.

16. അവിടെ ഞാൻ ദാവീദിന്നു ഒരു കൊമ്പു മുളെപ്പിക്കും; എന്റെ അഭിഷിക്തന്നു ഒരു ദീപം ഒരുക്കീട്ടുമുണ്ട്.

17. ഞാൻ അവന്റെ ശത്രുക്കളെ ലജ്ജ ധരിപ്പിക്കും; അവന്റെ തലയിലോ കിരീടം ശോഭിക്കും.

### പ്രാർത്ഥന

**എപ്പിസ്കോപ്പാ** : ഞങ്ങളുടെ രക്ഷയുടെ ദൈവമായ കർത്താവേ, പല ഭാഗങ്ങളിലായി പല പ്രകാരേണയും, ഞങ്ങളോടുള്ള മനുഷ്യസ്നേഹത്തെ നീ കാണിച്ചു. നിന്റെ വിശുദ്ധ സഭയെ സകല ജ്ഞാനത്തിലും വിവേകത്തിലും നീ നിലനിർത്തി. സ്വർഗ്ഗീയമായതും ദൈവദൂതന്മാർക്കടുത്തതുമായ ശുശ്രൂഷയുടെ ദൃഷ്ടാന്തമായിരിപ്പാൻ പട്ടത്വത്തിന്റെ ക്രമത്തെ നീ മനസ്സോട് സ്ഥാപിച്ചു. വഴി തെറ്റിന്റെ വ്യർത്ഥമായ പുറജാതി

മാർഗ്ഗത്തിൽ നിന്ന് നീ ഞങ്ങളെ സ്വതന്ത്രരാക്കി. ദൈവമാകുന്ന നിന്നെ മാത്രം ശുശ്രൂഷിപ്പാനും ആരാധിപ്പാനും ഞങ്ങളെ അർഹതയുള്ള വരാക്കി തീർത്തു.

ഞങ്ങളുടെ നാഥനായ കർത്താവേ, സർവ്വശക്തനായ ദൈവമേ, നല്ലവനും മനുഷ്യരെ സ്നേഹിക്കുന്നവനായ കർത്താവേ, ഞങ്ങൾ അയോഗ്യരാകുന്നു. എങ്കിലും ഈ സമയത്ത് നിന്നോട് ഞങ്ങൾ അപേക്ഷിച്ച് പ്രാർത്ഥിക്കുന്നു. നിന്റെ വിശുദ്ധ സഭയുടെ അതിർത്തികളെ നീ വിസ്താരപ്പെടുത്തേണമേ. നിന്റെ കുരിശിനാൽ സകല ഉപദ്രവങ്ങളിൽ നിന്നും അതിനെ പരിപാലിക്കേണമേ. നിന്റെ കൃപയുടെ നൽവരങ്ങളാൽ ഈ ഇടവകയെ നീ അലങ്കരിക്കയും അതിന്റെ സന്താനങ്ങളെ നീ കാത്തുകൊള്ളുകയും ചെയ്യേണമേ. ഹോശാ വബ്കുൽസ് ബാൻല്ഗൽമീൻ.

ജനം : ആമേൻ

## മസ്മൂർ – 15

1. യഹോവേ, നിന്റെ കൂടാരത്തിൽ ആർ പാർക്കും? നിന്റെ വിശുദ്ധപർവ്വതത്തിൽ ആർ വസിക്കും?
2. നിഷ്കളങ്കനായി നടന്നു നീതി പ്രവർത്തിക്കയും ഹൃദയപൂർവ്വം സത്യം സംസാരിക്കയും ചെയ്യുന്നവൻ.
3. നാവുകൊണ്ട് കുരള പറയാതെയും തന്റെ കൂട്ടുകാരനോടു ദോഷം ചെയ്യാതെയും കൂട്ടുകാരന്നു അപമാനം വരുത്താതെയും ഇരിക്കുന്നവൻ;
4. വഷളനെ നിന്ദ്യനായി എണ്ണുകയും യഹോവാഭക്തന്മാരെ ബഹുമാനിക്കയും ചെയ്യുന്നവൻ; സത്യംചെയ്തിട്ടു ചേതം വന്നാലും മാറാത്തവൻ;
5. തന്റെ ദ്രവ്യം പലിശയ്ക്കു കൊടുക്കാതെയും കുറ്റമില്ലാത്തവന്നു വിരോധമായി കൈക്കൂലി വാങ്ങാതെയും ഇരിക്കുന്നവൻ; ഇങ്ങനെ ചെയ്യുന്നവൻ ഒരുനാളും കുലുങ്ങിപ്പോകയില്ല.

എപ്പിസ്കോപ്പാ : ലോകത്തേക്കാൾ ഉയർന്ന, ഉന്നതതടത്തിൽ ഭംഗിയുള്ള കൊമ്പോടു കൂടിയ മുന്തിരിവള്ളിയായി വിശുദ്ധ സഭ നടപ്പെട്ടു. സ്വർഗ്ഗീയ പിതാവിൽ നിന്ന് പ്രവാചകന്മാരാലും, ശ്ലീഹന്മാരാലും ആത്മീയ പാനം അത് സ്വീകരിച്ചു. മനോഹര വേരുകളും ഉന്മകരമായ സുഗന്ധങ്ങളും അത് വർദ്ധിപ്പിച്ചു. തന്റെ കരുണയാൽ അവനായി അവൾ വിവാഹം നിശ്ചയിക്കപ്പെട്ടു. സ്വർഗ്ഗീയ മണവാളനായുള്ളോവേ, ഇപ്പോഴും ഈ പ്രാർത്ഥനയാൽ അനുഗ്രഹങ്ങളുടെ മുന്തിരിക്കുലകൾ ഞങ്ങളിൽ സൃഷ്ടിക്കേണമേ. ചേതോഹരമായ സുഗന്ധവാസനയും പ്രാർത്ഥനകളും അപേക്ഷകളും കൈക്കൊള്ളേണമേ. നിന്റെ

കൃപയുടെ ശ്രേഷ്ഠമേറിയ ഒഴുക്ക് നീ ഞങ്ങളെ കാണിക്കേണമേ. സകലത്തിലും നീ ഞങ്ങൾക്ക് സഹായകൻ ആയിരിക്കേണമേ. ഞങ്ങളുടെ ദൈവവും പിതാവുമായ നിന്റെയും നിന്റെ ഏക പുത്രന്റെയും, സകലത്തിലും, പരിശുദ്ധനായ നിന്റെ ഏക റൂഹായുടെയും സന്നിധിയിൽ ഞങ്ങൾ അപേക്ഷിക്കുന്നു. വിശുദ്ധമായതും രക്തം കൂടാത്തതുമായ മാർഗ്ഗത്തിന്റെ സ്വീകരണ ത്തിന് കൊള്ളാവുന്നവയായിരിക്കത്തവണ്ണം, കൃപയുടെ തൈലം കൊണ്ടും ആത്മാവാകുന്ന മൂറോൻ കൊണ്ടും ഈ മദ്ബഹായെ നീ ശുദ്ധീകരിക്കയും, പരിപൂർണ്ണതപ്പെടുത്തുകയും ചെയ്യേണമേ. നിന്റെ രാജ്യത്തിന്റെ സിംഹാസനത്തിൽ മുമ്പിൽ എന്നതു പോലെ, അതിന്റെ മുമ്പിൽ ഞങ്ങൾ നിന്നു കൊണ്ട് ഞങ്ങൾക്ക് വേണ്ടിയും നിന്റെ ജനത്തിനു വേണ്ടിയും, നിന്നോട് പ്രാർത്ഥിപ്പാനും, സത്യവിശ്വാസ ത്തോടും കുറ്റം കൂടാതെ ജീവിതത്തോടും കൂടെ ഞങ്ങൾക്ക് വേണ്ടി നൽകപ്പെട്ട കർത്തൃസംബന്ധമായ ശരീരത്തിൽ നിന്നും, ഞങ്ങൾക്കു വേണ്ടി ചിന്തപ്പെട്ട ഞങ്ങളുടെ കർത്താവും ദൈവവുമായ യേശുമ്ശിഹായുടെ വിലയേറിയതും, നീതികരിക്കുന്നതുമായ രക്ത ത്തിൽ നിന്നും, ആസ്വദിപ്പാനും ഞങ്ങൾക്ക് കൃപ നൽകുമാറാകേണമേ. ഹോശാ വബ്കൂൽസ് ബാൻല്ഒൽമീൻ.

ജനം : ആമേൻ

**ലുത്തിനിയാ**

അർക്കദിയാക്കോൻ : നാമെല്ലാവരും ഭംഗിയോടു നിന്ന് പ്രതിവാക്യമായി കുറിയേലായിസ്സോൻ എന്നു പറയണം.

ജനം : കുറിയേലായിസ്സോൻ

ന്യായപ്രമാണത്തിനടുത്തവയും നിഴലായുള്ളവയുമായ ശുശ്രൂഷകളെ ജഡപ്രകാര മുള്ള തന്റെ വരവിനാൽ ആത്മീകമായവയും ശക്യമുള്ളവയുമാക്കിത്തീർപ്പാനായി ഇഷ്ടപ്പെട്ട പ്രധാനാചാര്യനും, ഞങ്ങളുടെ രക്ഷയുടെ ശ്ലീഹായുമായ മ്ശിഹാ തമ്പുരാനേ നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം : കുറിയേലായിസ്സോൻ

പശുക്കിടാവിന്റെ രക്തത്താലും, ചാരത്താലും ഇന്ദ്രിയഗോചരമായും, നിഴലായും പൂർണ്ണമാക്കപ്പെട്ടിരുന്ന ന്യായപ്രമാണത്തിന്റെ ദൃഷ്ടാന്തത്തിനടുത്ത ശുശ്രൂഷയെ കൃപയുടെയും സത്യത്തിന്റെയും ശുശ്രൂഷകളായി, ആത്മീയമായും, സത്യമായും ഞങ്ങളാൽ നിവർത്തിക്കപ്പെടുന്നതിന്, ഞങ്ങൾക്ക് ദാനം നൽകി കല്പന തന്ന മ്ശിഹാ തമ്പുരാനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം : കുറിയേലായിസ്സോൻ

ജീവനുണ്ടാക്കുന്ന തന്റെ സ്ലീബായെ വന്ദ്യമായതും ആദ്യത്തേതുമായ മദ്ബഹായായി ശുദ്ധീകരിക്കയും അതിൽ ജീവനുള്ള ദൈവത്തിന്റെ സത്യമുള്ളതും കുറ്റം കൂടാത്തതുമായ കുഞ്ഞാടായി, ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന കുഞ്ഞാടായി, പിതാവായ ദൈവത്തിന് തന്നെത്തന്നെ യാഗമായി അർപ്പിച്ച മ്ശിഹാ തമ്പുരാനെ നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം : കുറിയേലായിസ്സോൻ

കാളകളുടെയും മുട്ടാടുകളുടേയും രക്തത്താലും, പലതരമായ തളിപ്പുകളാലും മസ്ക്കൽ ശബനായുടെ (സമാഗമന കൂടാരം) മദ്ബഹാ ശുദ്ധീകരിക്കപ്പെടുവാനും വെടിപ്പാക്കപ്പെടുവാനും കല്പിക്കയും സത്യമായ ആത്മീയ മദ്ബഹാകൾ വിശുദ്ധ റൂഹായാലും, രഹസ്യാഭിഷേകത്താലും, പട്ടക്കാരുടെ പ്രാർത്ഥനകളാലും ശുദ്ധീകരിക്കപ്പെടുവാൻ കല്പന കൊടുക്കുകയും ചെയ്ത ദൈവമായ കർത്താവേ, നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ജനം : കുറിയേലായിസ്സോൻ

ഏലിയ പ്രവാചകന്റെ മേൽ അഗ്നിയെ അയച്ചവനും ജീവനുണ്ടാക്കുന്നവനും, സാരാംശത്തിൽ തന്നോടു തുല്യമായിരിക്കുന്ന നിന്റെ റൂഹായെ കൃപയുടെ മദ്ബഹാ മേൽ അയക്കുന്നവനുമായ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം : കുറിയേലായിസ്സോൻ

സത്യവിശ്വാസത്തോടും നിർമ്മല നടപടികളോടും കൂടി ഞങ്ങളുടെ അവസാന ശ്വാസത്തോളം ചാഞ്ഞുപോകാത്തവരും ഇളകാത്തവരുമായി ഞങ്ങൾ പരിപാലിക്കപ്പെടുന്നതിന് വേണ്ടി നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം : കുറിയേലായിസ്സോൻ

സർവ്വലോകത്തിന്റെയും നിരപ്പിനും സമാധാനത്തിനും ഐക്യതയ്ക്കും, നിന്റെ സഭയിലും നിന്റെ ജനത്തിലും ലോകത്തിന്റെ നാനാഭാഗങ്ങളിലും നിന്റെ നിരപ്പും സമാധാനവും വസിപ്പിക്കേണ്ടതിനു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. നാം ഉച്ചത്തിൽ മൂന്നു പ്രാവശ്യം കുറിയേലായിസ്സോൻ എന്നു പറയണം.

ജനം : കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ

പ്രാർത്ഥന

എപ്പിസ്കോപ്പാ : കരുണകൾ വളരെയുള്ളവനായ ദൈവമേ, നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവേ, നിന്റെ വിശുദ്ധറൂഹായുടെ കൃപ അയച്ച് മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിരിക്കുന്ന പട്ടത്വവേലയെ നീ പൂർണ്ണതപ്പെടുത്തേണമേ. ഈ മേശയെ നാശമില്ലാത്തതും, സ്വർഗ്ഗീയവുമായ നിന്റെ രഹസ്യങ്ങൾക്ക് ചേർച്ചയുള്ളതും, വിശുദ്ധ മദ്ബഹായെ,

തിരമാലകളുടെ ഇടയിൽ അലയുന്ന ആത്മാക്കൾക്ക് തുറമുഖമായും, ആലോചനകളുടേയും വിശേഷ നടപടികളുടേയും മാല്യമിയായും തീർക്കേണമേ. മനസ്സോടും മനസ്സുകൂടാതെയുമുള്ള പാപങ്ങളിൽ നിന്നുള്ള തിരുവിനായിട്ടും കുറ്റമുള്ള മനസ്സാക്ഷിയിൽ നിന്നുള്ള വിടുതലിനായും, ഉത്തമ നടപടികളുടെ താൽപര്യത്തിനായും, സകല നീതിയുടേയും പൂർണ്ണതയ്ക്കായും ആക്കി തീർക്കേണമേ. സത്യ ദൈവ മായുള്ളോവേ, അംഗീകാരയോഗ്യമായി ഞങ്ങളെയും, ഞങ്ങൾക്കുള്ള എല്ലാ സമ്പാദ്യത്തെയും, നിനക്ക് കാഴ്ചവെയ്പ്പാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കി തീർക്കേണമേ. ദൈവമേ, നീയും നിന്റെ ഏക പുത്രനും, പരിശുദ്ധറൂഹായും വാഴ്ത്തപ്പെട്ട ദൈവമാകയാൽ നിനക്കു സ്തുതിയും ബഹുമാനയും ആധിപത്യവും എല്ലായിപ്പോഴും ചേർച്ചയുള്ളതാകുന്നു. ഹോശാ വബ്കുൽസ് ബാൻല്ഒൽമീൻ.

ജനം : ആമേൻ

എപ്പിസ്കോപ്പാ : സ്വാഭാവികമായുള്ള സകലത്തിന്റെയും കർത്താവും, സകല സൃഷ്ടികളുടേയും സൃഷ്ടാവും, സർവ്വ മനുഷ്യവർഗ്ഗത്തിന്റെയും രക്ഷയ്ക്കും സഹായത്തിനുമായി, എപ്പോഴും സകലവും പ്രവർത്തിച്ച് വ്യാപരിക്കുന്നവനും തന്റെ സൂക്ഷ്മതയിൽ ഭൂമിയെ അടിസ്ഥാനപ്പെടുത്തിയവനും, താൻ മാത്രം ആഴങ്ങൾ നിർമ്മിച്ചവനുമായ കർത്താവേ, നീ എല്ലാ സ്ഥലത്തും, എല്ലാ പട്ടണങ്ങളിലും നിന്റെ സഭകളെ ഉറപ്പിച്ച്, അവയിൽ മദ്ബഹാകളെ സ്ഥാപിച്ചു. മനുഷ്യരുടെ രക്ഷക്കായി കൂർബ്ബാനകളും ചൈതന്യമുള്ളതും, രക്തം കൂടാത്തതുമായ യാഗങ്ങളും നിന്റെ നാമത്തിന് സമർപ്പിപ്പാൻ നീ കല്പിച്ചു. കർത്താവേ, നിന്റെ മനഷ്യസ്നേഹത്താൽ നിന്റെ ദൈവത്വത്തോടു ചേർന്നു വരുന്നവരുടെ വിശ്വാസത്തിന്റെയും, രക്ഷയുടെയും, പ്രത്യാശയ്ക്കും, ശരീരാത്മ മനസ്സുകളുടെ പുതുക്കത്തിനും പാപമോചനത്തിനുമായി ഇവയെ പൂർണ്ണമാക്കേണമേ. കർത്താവേ, നീ മാത്രം കരുണകളിൽ കുറവില്ലാത്തവനും ദീർഘക്ഷമയുള്ളവനും, ഏറ്റവും കൃപാലുവും ആകകൊണ്ട് നിനക്കും നിന്റെ ഏക പുത്രനും, പരിശുദ്ധറൂഹായിക്കും സ്തുതിയും, ബഹുമാനവും ചേർച്ചയുള്ളവയായിരിക്കുന്നു.ഹോശാ വബ്കുൽസ് ബാൻല്ഒൽമീൻ.

ജനം : ആമേൻ

(ത്രോണോസ്, മദ്ബഹാ ഭിത്തി, ഹൈക്കലാ ഭിത്തി, മാമോദീസാ തൊട്ടി, പുൾപിറ്റ്, മുതലായവ മൂറോൻ പുരട്ടി കുരിശ് അടയാളം കൊണ്ട് ശുദ്ധീകരിക്കുന്നു.)

**ത്രോണോസ്**

ആചാര്യ സംബന്ധമായ ഈ മേശയും അതിലെ സകല ഉപകരണങ്ങളും വിശുദ്ധിക്കും, പുതുക്കത്തിനുമായ ✠ പിതാവിന്റെയും, ✠ പുത്രന്റെയും, ✠ പരിശുദ്ധ റൂഹായു ടെയും നാമത്തിൽ വേർതിരിച്ച് മുദ്ര കുത്തപ്പെടുകയും, അഭിഷേകം ചെയ്യപ്പെടുകയും, ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു.

| 2 | 1 | 3 |
|---|---|---|
| ☐ | ☐ | ☐ |

**ജനം** : **ആമേൻ**

**മദ്ബഹാ ഭിത്തി – കിഴക്ക്** **NE 1** **2 SE**

☐ ☐

ഈ മദ്ബഹായും അതിലെ സകല ഉപകരണങ്ങളും സകല വസ്തുകളും, വേദ വിപരീതമായ എല്ലാ കറയിൽ നിന്നും വിശുദ്ധിക്കും പുതുക്കത്തിനുമായി പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധ റൂഹായുടെയും നാമത്തിൽ വേർതിരിച്ച് മുദ്ര കുത്തപ്പെടുകയും, അഭിഷേകം ചെയ്യപ്പെടുകയും, ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു.


**ഹൈക്കലാ ഭിത്തി** **NE 1** **2 SE** **പടിഞ്ഞാറ്** **SW 1** **2NW**

☐ ☐ ☐ ☐

ഈ പള്ളി ലംഘനങ്ങളാകുന്ന സകല അശുദ്ധിയിൽ നിന്നും പരിപൂർണ്ണ വെടിപ്പിന്നായി പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധ റൂഹായുടെയും നാമത്തിൽ വേർതിരിച്ച് മുദ്ര കുത്തപ്പെടുകയും, അഭിഷേകം ചെയ്യപ്പെടുകയും, ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു.

**മാമോദീസാ തൊട്ടി (അകവശം)**

ഈ മാമോദീസാ തൊട്ടി വിശുദ്ധിക്കും പുതുക്കത്തിനുമായി പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധ റൂഹായുടെയും നാമത്തിൽ അഭിഷേകം ചെയ്യപ്പെടുകയും, ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു.



ഗീതം

നന്ദികൊണ്ടെന്റെയുള്ളം .....................................................

**മസ്മൂർ 150**

1. യഹോവയെ സ്തുതിപ്പിൻ; ദൈവത്തെ അവന്റെ വിശുദ്ധമന്ദിരത്തിൽ സ്തുതിപ്പിൻ; അവന്റെ ബലമുള്ള ആകാശവിതാനത്തിൽ അവനെ സ്തുതിപ്പിൻ.
2. അവന്റെ വീര്യപ്രവൃത്തികൾ നിമിത്തം അവനെ സ്തുതിപ്പിൻ; അവന്റെ മഹിമാധിക്യത്തിന്നു തക്കവണ്ണം അവനെ സ്തുതിപ്പിൻ.
3. കാഹളനാദത്തോടെ അവനെ സ്തുതിപ്പിൻ; വീണയോടും കിന്നരത്തോടും കൂടെ അവനെ സ്തുതിപ്പിൻ.
4. തപ്പിനോടും നൃത്തത്തോടും കൂടെ അവനെ സ്തുതിപ്പിൻ; തന്ത്രിനാദത്തോടും കുഴലിനോടും കൂടെ അവനെ സ്തുതിപ്പിൻ.
5. ഉച്ചനാദമുള്ള കൈത്താളങ്ങളോടെ അവനെ സ്തുതിപ്പിൻ; അത്യുച്ചനാദമുള്ള കൈത്താളങ്ങളോടെ അവനെ സ്തുതിപ്പിൻ.
6. ജീവനുള്ളതൊക്കെയും യഹോവയെ സ്തുതിക്കട്ടെ; യഹോവയെ സ്തുതിപ്പിൻ.

സീനായ് പർവ്വതത്തിൽ തിരുനിവാസം സ്ഥാപിച്ച്, അതിനെ ശുദ്ധീകരിച്ച പരിശുദ്ധൻ ഈ മദ്ബഹായിൽ എഴുന്നള്ളി ആവസിക്കയും ഇതിനെ ശുദ്ധീകരിക്കയും ചെയ്യുമാറാകട്ടെ.

പ്രവാചകന്മാരിൽ സംസാരിക്കയും ശ്ലീഹന്മാരുടെ മേൽ വന്നാവസിക്കയും ചെയ്ത റൂഹാ തന്നെ, ഈ നിന്റെ മദ്ബഹായിൽ വന്ന് ആവസിക്കയും ഇതിനെ ശുദ്ധീകരിക്കയും ചെയ്യുമാറാകട്ടെ.

**എപ്പിസ്കോപ്പാ :** സൈന്യങ്ങളുടെ ദൈവമായ കർത്താവേ, ഈ എല്ലാ കാര്യങ്ങൾ നിമിത്തം ഞങ്ങൾ നിന്നോട് അധികം നന്ദിയുള്ളവാരയിരിക്കുന്നു. എന്തെന്നാൽ നിന്റെ വിശുദ്ധന്മാരുടെമേലും, വിശുദ്ധന്മാരായ ഞങ്ങളുടെ പിതാക്കന്മാർ മേലും നീ പകർന്നു കൊടുത്ത ആ കൃപ പാപികളായ ഞങ്ങളിൽ നിന്ന് വിരോധിക്കയോ, മുടക്കുകയേ, ചെയ്തിട്ടില്ലല്ലോ. എന്നാലോ, ദയയും കരുണയും ഉള്ളവനായി ഞങ്ങളുടെ അടുക്കലോളം അതിനെ ഇറക്കി തന്നു. നിന്റെ ശ്രേഷ്ഠതയോട് ഞങ്ങൾ ചോദിപ്പാനും, ഞങ്ങൾ ചോദിക്കുന്നവയെ പ്രാപിപ്പാനും ഞങ്ങൾക്ക് യോഗ്യത ഇല്ലെങ്കിലും നീ ഞങ്ങൾക്ക് ദാനം ചെയ്തുവല്ലോ. ഇവക്ക് എല്ലാറ്റിനു മായി സകലത്തിനും ബഹുമാനമുള്ള നിന്റെ നാമം മഹത്വപ്പെടുമാറാ കേണമേ. അതുകൊണ്ട് നിന്റെ ശുദ്ധീകരണത്തെ പൂർത്തികരിക്കേണെ മെന്ന് ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. പൂർത്തികരിക്കപ്പെട്ട ഈ മദ്ബഹായുടെ മുമ്പിൽ

വിശുദ്ധിയോടും, നിർമ്മലതയോടും നിൽപ്പാനും ചൈതന്യമുള്ളതും രക്തം കൂടാത്തതുമായ യാഗം അതിൽ അർപ്പിപ്പാനും ഞങ്ങളെ യോഗ്യതയുള്ളവരാക്കിത്തീർക്കേണമേ. ന്യായവിധിക്കും ശിക്ഷയ്ക്കും ഞങ്ങൾ അർഹരായിത്തീരരുതെ. എന്നാലോ വിശുദ്ധസഭ യുടെ കെട്ടുപണിക്കും നിന്റെ സർവ്വ ജനത്തിന്റെയും വളർച്ചയ്ക്കും, പുരോഗതിക്കും നിന്റെ രാജ്യത്തിന്റെ മഹത്വത്തിനും പുകഴ്ചയ്ക്കും സുവിശേഷത്തിന്റെ ഘോഷണത്തിനും ആയി ഭവിക്കേണമേ. മഹാഭംഗിയുള്ള നിന്റെയും നിന്റെ പുത്രന്റെയും പരിശുദ്ധറൂഹായു ടെയും തിരുനാമം ശുദ്ധീകരിക്കപ്പെട്ടതും മഹത്വീകരിക്കപ്പെട്ടതുമാകുന്നു. ഹോശാ വബ്കൂൽസ് ബാൻല്ഒൽമീൻ.

ജനം : ആമേൻ

ചിത്തോല വിരിക്കുന്നു

കാർമ്മീകൻ ധൂപം വീശുന്നു

1. പരിശുദ്ധനവൻ – തിരുവാസം – സീനായ് മലമേ – ൽ ഉറപ്പിച്ച്
അതിനെ ശുദ്ധി വരുത്തിയപോൾ – ഇവിടെയുമാഗതനാ – യിപ്പോൾ
2. മന്ദിരമിതു നിൻ സഹവാസാൽ – അധികം ഭംഗിയതാക്കീട്ട്
പരിപാവനമായ് തീർത്തിഹതൻ – കൃപകൾ നിത്യം ചൊരിയട്ടെ.
3. സംഭാഷണം പ്രവാചകരിൽ – നന്നായ് ചെയ്തൊരു റൂഹായെ
തന്നുടെ വാസം ശ്ലീഹരിലും – നന്നായ് ചെയ്തൊരു റൂഹായെ
4. തിരുഹിതമായി ആലയത്തിൽ – വന്നുവസിക്കേണമതിമോദാൽ
എന്നും പാവനമായ് ഇതിനെ – കാക്കണമേ കരുണേശ്വരനെ
5. മാകികമേൽ ശ്ലീഹന്മാരിൽ – മരുവിയ റൂഹാ ഇപ്പോഴീ
വിമലമതാമീ മന്ദിരത്തിൽ – അമരണമേ ശുചിയാക്കണമേ.
6. നാനാ ഭാഷ വിവേചനയാൽ – ജ്ഞാനം വേണ്ടതു പോലെന്നും
തന്നുടെ ശ്ലീഹന്മാർക്കെല്ലാം – സദയം നൽകിയ പരിശുദ്ധാ –
7. റൂഹാ നിന്നുടെ സഹവാസം – വന്നീടണമിന്നിവിടത്തിൽ
ഇവിടമീ സമയത്തുടയോനെ – തവകൃപയാൽ ശുചിയാക്കണമേ.
8. വേണ്ടും വിധമാ ശ്ലീഹന്മാ–ർക്കനുഗ്രഹമേകിയ വലങ്കയ്യെ
നിന്നുടെ മന്ദിരമതിൽ നീട്ടി – ശുദ്ധിയതിന്നരുളീടണമേ.
9. പ്രാവിൻ വടിവിൽ പരിചിനോടെ – തനയൻ തൻ ശിരസ്സിൽ വാണ
പരിശുദ്ധാത്മാവാവസിച്ചീ – ആലയത്തിൽ ശുചിയേകണമേ.
10. ധരണിയിലെങ്ങൾക്കായ് വിമല – സുതനെ അയച്ചതു കൂടാതെ
ഏറ്റം ശുദ്ധിയെഴുന്നരുളും – റൂഹായാലമലന്മാർക്കും
11. ഏറ്റംശുദ്ധി വരുത്തീടും – ഉറ്റവനായീടും എൻ ദൈവം